സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**എക്സിക്യൂട്ടീവ് ഓഫീസ്, ശബരിമല**

**Contact No : 9495999919 e-mail** eosabarimala@gmail.com

ഇ.ഒ.പി. നമ്പർ : 817/23/ശബ. 21-12-2023

## പരസ്യം

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ശബരിമല ദേവസ്വത്തിലേക്ക് 1199 എം.ഇ. മണ്ഡലം - മകരവിളക്ക് അടിയന്തിരത്തോടനുബന്ധിച്ച് വഴിപാട് നിർമ്മാണങ്ങൾക്ക് ആവശ്യമായ 5,00,000 കി.ഗ്രാം. ശർക്കരപ്പൊടി ശബരിമല മെയിൻസ്റ്റോറിൽ അടിയന്തിരമായി സപ്ലൈ ചെയ്യുന്നതിനായി തയ്യാറുള്ള സ്ഥാപനങ്ങൾ, വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നതിനായി ശബരിമല എക്സിക്യൂട്ടീവ് ഓഫീസിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്ന പരസ്യമാകുന്നു.**

ദേവസ്വം ബോർഡാഫീസിലെ 20.12.2023 ലെ ആർ ഒ സി 8845/23/ശബ നമ്പർ ഉത്തരവ് പ്രകാരവും ദേവസ്വം കമ്മീഷണറാഫീസിലെ 21.12.2023 ലെ ആർ.ഒ.സി 35/23/ശബ നമ്പർ ഉത്തരവ് പ്രകാരവും ലോക്കൽ പർച്ചേയ്സ് നടത്തുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഒരു കി.ഗ്രാം ശർക്കരപ്പൊടി ശബരിമല മെയിൻസ്റ്റോറിൽ എത്തിച്ചുതരുന്നതിനുള്ള നിരക്ക് (എല്ലാത്തരം നികുതികളും ഉൾപ്പെടെ) ക്വാട്ട് ചെയ്യേണ്ടതാണ്. 1199 എം.ഇ. (2023 - 2024) വർഷത്തേയ്ക്ക് ആവശ്യമുള്ള ശർക്കരപ്പൊടി ടെന്റർ നോട്ടിഫിക്കേഷനിൽ പ്രതിപാദിച്ചിട്ടുള്ള ഗുണമേന്മയിലും ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയും അതേപടി ബാധകമായിരിക്കുന്നതാണ്. സീൽഡ് ക്വട്ടേഷൻ സമർപ്പിക്കുന്നതോടൊപ്പം സപ്ലൈ ചെയ്യുവാൻ ഉദ്ദേശിക്കുന്ന ശർക്കരപ്പൊടിയുടെ ഒരു കിലോഗ്രാം വീതമുള്ള രണ്ടു സാംപിളുകൾ ശബരിമല എക്സിക്യൂട്ടീവ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സപ്ലൈ അടിയന്തിരമായി ആരംഭിക്കേണ്ടതാണ്. വിശദവിവരങ്ങൾ അറിയുന്നതിനായി എക്സിക്യൂട്ടീവ് ഓഫീസറുടെ ശബരിമലയിലെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും - 25-12-2023 വൈകീട്ട് 05.30 വരെ**

**ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും - 25-12-2023 വൈകീട്ട് 07.00 ന്**

വിശ്വസ്തതയോടെ,
(ഒപ്പ്)
**എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ് :
1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശബരിമല / പമ്പ / നിലയ്ക്കൽ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്
2. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റിൽ പരസ്യം ചെയ്യുന്നതിനായി

**എക്സിക്യൂട്ടീവ് ഓഫീസർ**